**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ 9184/- (ഒൻപതിനായിരത്തി ഒരുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം)രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1098/19/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/05/2019**

---

**പരാമർശം:-**

1) പഞ്ചായത്ത് ഡയറക്ടറുടെ 03/09/2018- തീയതിയിലെ PAN/21367/2018-M 3 (DP)നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 07/03/2019-ലെ ഡി. കെ.എസ്.എ 1334/2018/പി റ്റി ഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതല്ലാത്ത അടൂർ മനോവികാസ് സ്കൂളിന് 'നൂൺ ഫീഡിംഗ് പ്രോഗ്രാം' നടത്തിയതിന് വന്ന 9184/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്ന തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതല്ലാത്ത അടൂർ മനോവികാസ് സ്കൂളിന് 'നൂൺ ഫീഡിംഗ് പ്രോഗ്രാം' നടത്തിയതിന് വന്ന ചെലവ് സംബന്ധിച്ചതാണ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം. പഞ്ചായത്ത് കമ്മറ്റി 20/09/2014 ലെ IV(29) നമ്പർ തീരുമാന പ്രകാരം; മാനസിക വൈകല്യമുള്ള കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും സർക്കാർ ചുമതലയായതിനാലും, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കി തുടർപ്രവർത്തനമായി നടത്തിയ ചെലവായതിനാലും, അദ്ധ്യയന വർഷത്തിന്റെ അവസാനനാളുകളിൽ ബുദ്ധി വൈകല്യമുള്ള കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് മറ്റ് ഉറവിടങ്ങൾ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യത്തിലും, ടി ചെലവ് നടത്തുക വഴി പഞ്ചായത്തിനോ സർക്കാരിനോ

ധനനഷ്ടമോ ധനദുർവിനിയോഗമോ ഉണ്ടായിച്ചില്ലെന്ന് കമ്മറ്റിയ്ക്ക് ബോധ്യമുള്ളതിനാലും, ടി സ്ഥാപനത്തെ ബഡ്സ് സ്കൂളായി ഉയർത്തി പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നതിനാലും; മാനുഷിക പരിഗണന നൽകി ഈ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം സാധൂകരണം നൽകുന്ന വിഷയത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തന്നെ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 9184/- രൂപയുടെ ചെലവിന്, മാനുഷിക പരിഗണന നൽകി, സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി.എസ്.സന്തോഷ്**

**അണ്ടർ സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, പത്തനംതിട്ട

സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**